ജില്ല	ടാർജറ്റ് (തുക ലക്ഷത്തിൽ)
എറണാകുളം	3500
തൃശ്ശൂർ	1600
പാലക്കാട്	1400
മലപ്പുറം	1800
കോഴിക്കോട്	1600
വയനാട്	600
കണ്ണൂർ	1600
കാസറഗോഡ്	800
ആകെ	20,000

30-6-2005 വരെയുള്ള കളക്ഷൻ താഴെ കാണുംപ്രകാരമാണ്.

ജില്ല	പിരിവ് (തുക ലക്ഷത്തിൽ)
തിരുവനന്തപുരം	153.21
കൊല്ലം	125.37
പത്തനംതിട്ട	75.82
ആലപ്പുഴ	93.32
കോട്ടയം	78.68
ഇടുക്കി	57.47
എറണാകുളം	216.29
തൃശ്ശൂർ	194.74
പാലക്കാട്	191.39
മലപ്പുറം	274.87
കോഴിക്കോട്	128.85
വയനാട്	58.97
കണ്ണൂർ	177.31
കാസറഗോഡ്	101.66
ആകെ	1927.95

കോഴിക്കോട് ജില്ലയിലെ ലാന്റ് അക്വിസിഷൻ നടപടികൾ

195 [1803] *ശ്രീ. എ. സുജനപാൽ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലാന്റ് അക്വിസിഷൻ വിഭാഗത്തിൽ ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

സർവെയർമാരും, മറ്റു ജീവനക്കാരും ഇല്ലാത്തതുമൂലം ലാന്റ് അക്വിസിഷൻ നടപടികൾ വളരെ വൈകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം അക്വിസിഷൻ നടപടികൾ ആണ് ഇതിനകം പൂർത്തിയാകാനുള്ളതെന്ന് വ്യക്തമാക്കുമോ? ഈ നടപടികൾ എന്നാണ് ആരംഭിച്ചിട്ടുള്ളത്;

(സി) എത്ര ജീവനക്കാർ ലാന്റ് അക്വിസിഷൻ വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ ഒഴിവുണ്ടെങ്കിൽ അതു നികത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ച് നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ 35 കേസുകളാണ് പൂർത്തിയാക്കാനുള്ളത്. (വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(സി) പതിമൂന്ന് ജീവനക്കാർ പ്രവർത്തിച്ചു വരുന്നു.

സ്പെഷ്യൽ തഹസീൽദാർ	1
വാല്യുവേഷൻ അസിസ്റ്റന്റ്	1
ഹെഡ് ക്ളാർക്ക്	1
യു. ഡി. ക്ളാർക്ക്	3
റവന്യൂ ഇൻസ്പെക്ടർ	1
യു. ഡി. ടൈപ്പിസ്റ്റ്	1
സർവേയർ	1
പ്യൂൺ	2
ചെയിൻമാൻ	2
ആകെ	13 തസ്തികകൾ

ഈ തസ്തികകൾ കൂടാതെ എൽ. എ. കോഴിക്കോട് ഓഫീസിൽ മറ്റുള്ള എൽ.എ. ഓഫീസിലെ ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ അടിയന്തിര സ്വഭാവം പരിഗണിച്ച് നിയോഗിക്കുന്നുണ്ട്.

(ഡി) അനുമതി ലഭിച്ചിട്ടുള്ള തസ്തികകൾ നിലവിൽ ഒഴിവില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly